**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1668** **08-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർഥികളുടെ മാനസികസമ്മർദം ലഘൂകരിക്കുന്നതിനും ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനും നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധിക്ക് ശേഷം കോളേജുകൾ തുറന്നു പ്രവർത്തിക്കുന്ന സാഹചര്യത്തിൽ വിദ്യാർഥികളുടെ മാനസികസമ്മർദം ലഘൂകരിക്കുന്നതിനും ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (എ) | കോവിഡ് പ്രതിസന്ധിക്ക് ശേഷം കോളേജുകൾ തുറന്നു പ്രവർത്തിക്കുന്ന സാഹചര്യത്തിൽ വിദ്യാർഥികളുടെ മാന സിക സമ്മർദം ലഘൂകരിക്കുന്നതിനും ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനും 17.09.2021 തീയതിയിലെ സ.ഉ.(സാധാ) നം 1228/2021/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാർത്ഥികളും, ജീവനക്കാരും ക്യാമ്പസ്സുകളിൽ കോവിഡ് പ്രോട്ടോക്കോൾ പാലിക്കണമെന്നും, ആവശ്യാനുസരണം ഹാൻഡ് വാഷ്, സാനിറ്റൈസർ, മുഖാവരണങ്ങൾ, തെർമൽ സ്കാന്നിങ് തുടങ്ങിയവ ഉറപ്പാക്കുവാനും വിദ്യാർത്ഥികൾ കൂട്ടം കൂടുന്നതും സാമൂഹിക അകലം ലംഘിക്കുന്നത് അനുവദിക്കാതിരിക്കുന്ന തിനും ഹോസ്റ്റലുകളിൽ സാമൂഹിക അകലം പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും എല്ലാ സ്ഥാപന മേധാവികൾക്കും മേൽ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. അതോടൊപ്പം സുരക്ഷിതമായ നടത്തി പ്പിന് അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർത്താകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളിലെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി സ്ഥാപനതല ജാഗ്രത സമിതികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മാനസിക സംഘർഷം നേരിടുന്ന വിദ്യാർത്ഥികൾക്ക് കൗൺസിലിങ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശവും സ്ഥാപന മേധാവികൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ